പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3643 | 20.6.2018 ൽ മറുപടിയ്ക്ക്

## ഭിന്നശേഷി സൗഹൃദ സംസ്ഥാനം

ചോദ്യം | മറുപടി

ശ്രീ.കെ. ദാസൻ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഭിന്നശേഷി സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുന്നതിന് ഭിന്നശേഷിക്കാർക്കായുള്ള സമഗ്ര പാക്കേജ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) കേരളത്തിലെ എല്ലാ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളും പ്രതിബന്ധ വിമുക്തവും ഭിന്നശേഷി സൗഹൃദവുമാക്കുന്നതിനായി ബാരിയർ ഫ്രീ കേരള എന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.<br>ഭിന്നശേഷി സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിന്റെ ഭാഗമായി ഭിന്നശേഷി പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ പുനരധിവാസം വരെയുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുള്ള 'അനുയാത്ര' എന്ന പേരിൽ ഒരു സമഗ്ര പദ്ധതി സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പാക്കി വരുന്നു. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന 1 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി സർവ്വശിക്ഷാ അഭിയാൻ(SSA) പദ്ധതിയും 9 മുതൽ 12 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ(RMSA) പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ബി) പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിന് വിശദമായ പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) ബാരിയർ ഫ്രീ കേരള എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന ത്തിൽ കണ്ണൂർ ജില്ലയിലെ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദമാക്കിയിട്ടുള്ളതും കണ്ണൂർ ജില്ലയെ സംസ്ഥാനത്തെ ആദ്യ ഭിന്നശേഷി സൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. 2017-18 വർഷത്തിൽ ബാരിയർ ഫ്രീ കേരള പദ്ധതിയ്ക്കായി 15 കോടി രൂപ സർക്കാർ വകയിരുത്തുകയും ടി തുക മലപ്പുറം, വയനാട് ജില്ലകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി മലപ്പുറം ജില്ലയ്ക്ക് 8,88,80,000/- രൂപ, വയനാട് ജില്ലയ്ക്ക് |

| | |
|---|---|
| | 6,11,20,000/- രൂപ എന്ന ക്രമത്തിൽ അതത് ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകുകയും ചെയ്തിട്ടുള്ളതുമാണ്. നടപ്പ് സാമ്പത്തിക വർഷത്തിൽ ബാരിയർ ഫ്രീ കേരള പദ്ധതിയ്ക്കായി 18 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർ സമർപ്പിച്ച 6,68,00,000/- രൂപയുടെ പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ മറ്റു ജില്ലകളും ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ എല്ലാ ജില്ലകളും ഭിന്നശേഷി സൗഹൃദമാക്കുന്നതിലൂടെ കേരളത്തെ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ഈ പദ്ധതി വിഭാവനം ചെയ്യുന്നു. വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഓട്ടിസം പാർക്കുകൾ, ഉൾച്ചേർക്കൽ വിദ്യാഭ്യാസം(Inclusive education) എന്നിവയും നടപ്പിലാക്കി വരുന്നു. |
| (സി) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നിലവിൽ എന്തെല്ലാം പരിപാടികളും പഠന പിന്തുണ സംവിധാനങ്ങളുമാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾ ഉൾപ്പെടെയുള്ള ഭിന്നശേഷിയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകി വരുന്നു. കൂടാതെ ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി ധനസഹായം നൽകുന്ന വിദ്യാജ്യോതി എന്ന പദ്ധതിയും നടപ്പിലാക്കുന്നു. ഇത് കൂടാതെ ഡിഗ്രിയോ അതിന് മുകളിലോ വിദ്യാഭ്യാസം ചെയ്യുന്നവർക്ക് വിദൂര വിദ്യാഭ്യാസം ചെയ്യുന്നതിനായി സ്കോളർഷിപ്പും സ്കൂൾ പഠനം പൂർത്തിയാക്കാൻ കഴിയാത്ത ഭിന്നശേഷിക്കാർക്ക് പത്താം ക്ലാസ്സ്/പന്ത്രണ്ടാം ക്ലാസ്സ് തുല്യതാ പരീക്ഷ എഴുതുന്നതിന് പരീക്ഷാ ഫീസും കോഴ്സ് ഫീസും അനുവദിക്കുന്നുണ്ട്. കലാ കായിക ബൗദ്ധിക മേഖലകളിൽ മികവ് തെളിയിച്ചിട്ടുള്ള ഭിന്നശേഷിയുള്ള കുട്ടികൾക്ക് എല്ലാ സൗകര്യങ്ങളും നൽകി അവരുടെ മികവ് തെളിയിക്കുന്ന രീതിയിൽ പഠന സാധ്യതകൾ ഉറപ്പു വരുത്തുന്നതിനായി Stephen Hawking- ന്റെ പേരിൽ ഒരു മികവിന്റെ കേന്ദ്രം ആരംഭിക്കുന്നതിനായി വിഭാവനം ചെയ്തു വരുന്നു.<br>സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ശാരീരികവും ബുദ്ധിപരവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സംസ്ഥാന സർക്കാരിന്റെയും കേന്ദ്രാവിഷ്കൃത പദ്ധതിയുടെയും |

ഭാഗമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഒന്നുമുതൽ എട്ടാം ക്ലാസ്സ് വരെ പഠിക്കുന്ന Hearing Impaired, Visually impaired, Mentally Retarded Orthopaedically Handicapped, Autism എന്നീ വിഭാഗം കുട്ടികൾക്ക് വൈകല്യത്തിന്റെ സ്വഭാവമനുസരിച്ച് ബുക്ക് ആന്റ് സ്റ്റേഷനറി അലവൻസ്(600/-) യൂണിഫോം അലവൻസ്(750/-) ട്രാൻസ്പോർട്ട് അലവൻസ്(1000/-) എസ്കോർട്ട് അലവൻസ്(1000/-) റീഡേഴ്സ് അലവൻസ് (750/-) എന്നീ ക്രമത്തിൽ സംസ്ഥാന പദ്ധതിയുടെ ഭാഗമായി നൽകി വരുന്നു.

9 മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതിയുടെ Inclusive Education of the Disabled at Secondary Stage(I.E.D.S.S) ഭാഗമായി സാമ്പത്തിക സഹായം നൽകി വരുന്നു. റിസോഴ്സ് അദ്ധ്യാപകരുടെയും അറ്റൻഡന്റുമാരുടെയും സേവനവും നൽകി വരുന്നുണ്ട്. റിസോഴ്സ് റൂമുകളും തെറാപ്യൂട്ടിക് സെന്ററുകളും 208 ഹൈസ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പഠനോപകരണങ്ങളും സഹായോപകരണങ്ങളും നൽകുവാൻ വ്യവസ്ഥയുണ്ട്. സ്കൂളുകളിൽ റാംപുകളുടെയും ഹാൻഡ് റെയിലുകളുടെയും നിർമ്മാണം, അനുരൂപീകരണ ശുചിമുറികളുടെ നിർമ്മാണം എന്നിവയും നടപ്പാക്കി വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തുന്നതിന് വർഷം തോറും വൈദ്യ പരിശോധനാ ക്യാമ്പുകളും നടത്തി വരുന്നു. കേന്ദ്രഫണ്ടിന്റെ സഹായത്താൽ ഭിന്നശേഷിക്കാർക്കായുള്ള പദ്ധതികൾ ഇപ്പോൾ നടപ്പിൽ വരുത്തുന്നത് സമഗ്ര ശിക്ഷാ അഭിയാൻ വഴിയാണ്.

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നിലവിലുള്ള പരിപാടികളും പഠന പിന്തുണ സംവിധാനങ്ങളും സംബന്ധിച്ചും സ്വീകരിക്കാവുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ചും കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന തയ്യാറാക്കിയ ഒരു റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ